# മധുരമായ കുട്ടികളേ - ബാബ വന്നിരിക്കുന്നു, നിങ്ങൾ കുട്ടികളെ ഭക്ത ആത്മാക്കളിൽ നിന്നും ജ്ഞാനീ-യോഗീ ആത്മാക്കളാക്കി മാറ്റാൻ, പതിതത്തിൽ നിന്നും പാവനമാക്കി മാറ്റാൻ..

**ചോദ്യം:-** ജ്ഞാനവാനായിരിക്കുന്ന കുട്ടികൾ ഏത് ചിന്തനത്തിൽ സദാ ഇരിക്കും?
**ഉത്തരം:-** ഞാൻ അവിനാശിയായ ആത്മാവാണ്, ഈ ശരീരം വിനാശിയാണ്. ഞാൻ 84 ശരീരങ്ങൾ ധാരണ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇത് അന്തിമജന്മമാണ്. ആത്മാവ് ഒരിക്കലും ചെറുതോ വലുതോ ആകുന്നില്ല. ശരീരമാണ് ചെറുതും വലുതുമാകുന്നത്. ഈ കണ്ണുകൾ ശരീരത്തിലുള്ളതാണ്. എന്നാൽ ഇതിലൂടെ കാണുന്നത് ഞാൻ ആത്മാവാണ്. ബാബ ആത്മാക്കൾക്കാണ് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകുന്നത്. ബാബയും ഏതുവരെ ശരീരത്തിന്റെ ആധാരം എടുക്കുന്നില്ലയോ അതുവരേക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള ചിന്തനങ്ങൾ ജ്ഞാനവാനായിരിക്കുന്ന കുട്ടികൾ സദാ ചെയ്തുകൊണ്ടിരിക്കും.

**ഓം ശാന്തി**. ഇതാരാണ് പറയുന്നത്? ആത്മാവ്. അവിനാശിയായ ആത്മാവ് ശരീരത്തിലൂടെ പറയുന്നു. ശരീരവും, ആത്മാവും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്. ശരീരം 5 തത്വങ്ങൾകൊണ്ട് ഇത്രയും വലിയ രൂപമായിരിക്കുന്നു. ശരീരം ചെറുതാകട്ടെ എങ്കിലും ആത്മാവിനേക്കാളും വലുതാണ്. ആദ്യം ചെറിയൊരു മാംസഭാഗം മാത്രമായിരിക്കും, എപ്പോഴാണോ അൽപം വലുതാകുന്നത് അപ്പോഴാണ് ആത്മാവ് പ്രവേശിക്കുന്നത്. വലുതായി വലുതായി പിന്നീട് ഇത്രയും വലുതാകുന്നു. ആത്മാവ് ചൈതന്യമല്ലേ. ഏത് വരെ ആത്മാവ് പ്രവേശിക്കുന്നില്ലയോ അതുവരേക്ക് ഈ ശരീരം കൊണ്ട് ഒരു പ്രയോജനവുമില്ല. എത്ര വ്യത്യാസമാണ്. പറയുന്നതും, ചലിക്കുന്നതും ആത്മാവുതന്നെയാണ്. ആത്മാവ് ഇത്രയും ചെറിയൊരു ബിന്ദുവാണ്. ആത്മാവ് ഒരിക്കലും ചെറുതോ വലുതോ ആകുന്നില്ല. വിനാശവും സംഭവിക്കുന്നില്ല. ഇപ്പോൾ പരമാത്മാവായ ബാബ മനസ്സിലാക്കിത്തരികയാണ്, ഞാൻ അവിനാശിയാണ് ഈ ശരീരം വിനാശിയാണ് അതിൽ ഞാൻ പ്രവേശിച്ച് പാർട്ട് അഭിനയിക്കുന്നു. ഈ കാര്യം നിങ്ങളിപ്പോൾ ചിന്തനത്തിലേക്ക് കൊണ്ടുവരണം. മുമ്പ് ആത്മാവിനെയും അറിയുമായിരുന്നില്ല, പരമാത്മാവിനേയും അറിയുമായിരുന്നില്ല. കേവലം പറയുകമാത്രം ചെയ്തിരുന്നു അല്ലയോ പരംപിതാ പരമാത്മാ... ആത്മാവെന്ന് മനസ്സിലാക്കിയിരുന്നു. എന്നാൽ ചിലർ പറയും നിങ്ങൾ തന്നെയാണ് പരമാത്മാവ്. ഇതാരാണ് പറഞ്ഞുതന്നത്? ഭക്തിമാർഗ്ഗത്തിലെ ഗുരുക്കന്മാരും ശാസ്ത്രങ്ങളും. സത്യയുഗത്തിൽ ആരും പറയുന്നില്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ എന്റെ കുട്ടികളാണ്. ശരീരം നശിക്കുന്നതും മണ്ണുകൊണ്ടുണ്ടാക്കിയതുമാണ്, ആത്മാവ് അവിനാശിയുമാണ്. എപ്പോൾ ആത്മാവുണ്ടോ അപ്പോൾ സംസാരിക്കുന്നു ചലിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ വന്ന് മനസ്സിലാക്കിത്തരികയാണ്. നിരാകാരനായ ശിവബാബ ഈ സംഗമയുഗത്തിൽ ഈ ശരീരത്തിലൂടെ വന്ന് കേൾപ്പിക്കുകയാണ്. ഈ കണ്ണുകൾ ശരീരത്തിനല്ലേ ഉള്ളത്. ഇപ്പോൾ ബാബ ജ്ഞാനദൃഷ്ടി തന്നിരിക്കുകയാണ്. ആത്മാവിൽ ജ്ഞാനമില്ലായെങ്കിൽ അജ്ഞാനത്തിന്റെ ദൃഷ്ടിയാണുള്ളത്. ബാബ വരുമ്പോൾ ആത്മാവിന് ജ്ഞാനത്തിന്റെ ദൃഷ്ടി ലഭിക്കുന്നു. ആത്മാവാണ് എല്ലാം ചെയ്യുന്നത്. ആത്മാവ് കർമ്മം ചെയ്യുന്നു ശരീരത്തിലൂടെ. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബ ഈ ശരീരത്തെ സ്വീകരിച്ചിരിക്കുകയാണ്. തന്റെ രഹസ്യം പറഞ്ഞുതരികയാണ്. സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യവും പറഞ്ഞുതരികയാണ്. മുഴുവൻ നാടകത്തിന്റേയും ജ്ഞാനം പറഞ്ഞുതരികയാണ്. മുമ്പ് നിങ്ങൾക്കൊന്നും അറിയുമായിരുന്നില്ല. തീർച്ചയായും ഇത് നാടകമാണ്. സൃഷ്ടിയാകുന്ന ചക്രം കറങ്ങുന്നു. പക്ഷേ എങ്ങനെ കറങ്ങുന്നു, ഇതാരും അറിയുന്നില്ല. രചയിതാവിന്റേയും രചനയുടേയും ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചു. ബാക്കി എല്ലാവരും ഭക്തരാണ്. ബാബ വന്ന് നിങ്ങളെ ജ്ഞാനി തു ആത്മാക്കളാക്കി മാറ്റുന്നു. മുമ്പ് നിങ്ങൾ ഭക്ത ആത്മാക്കളായിരുന്നു. നിങ്ങൾ ആത്മാവ് ഭക്തി ചെയ്തിരുന്നു. ഇപ്പോൾ നിങ്ങൾ ആത്മജ്ഞാനം കേൾക്കുന്നു. ഭക്തിയെ പറയുന്നത് ഇരുട്ടെന്നാണ്. ഇങ്ങനെ പറയില്ല ഭക്തിയിലൂടെ ഭഗവാനെ ലഭിക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് ഭക്തിക്കും പാർട്ടുണ്ട്, ജ്ഞാനത്തിനും പാർട്ടുണ്ട്. നിങ്ങൾക്കറിയാം നമ്മൾ ഭക്തി ചെയ്തിരുന്നു. അപ്പോൾ ഒരു സുഖവും ഉണ്ടായിരുന്നില്ല. ഭക്തി ചെയ്ത് ഭക്തി ചെയ്ത് വാതിലുകൾ തോറും അലയുകയായിരുന്നു. ബാബയെ തിരയുകയായിരുന്നു. ഇപ്പോൾ മനസ്സിലാക്കി യജ്ഞം, തപസ്സ്, ദാനം, പുണ്യം മുതലായവയെല്ലാം ചെയ്തിരുന്നു. അന്വേഷിച്ചന്വേഷിച്ച് വാതിലുകൾ തോറും അലഞ്ഞ് കഷ്ടപ്പെട്ടു. തമോപ്രധാനമായി മാറി. കാരണം താഴേക്ക് വീഴണമല്ലോ. അസത്യമായ കർമ്മം ചെയ്ത് മോശപ്പെട്ടവരായി മാറണം. പതിതരുമായി മാറി. പാവനമായി മാറുന്നതിനുവേണ്ടി ഭക്തി ചെയ്തിട്ടുണ്ടായിരുന്നില്ല. ഭഗവാനിൽനിന്നും പാവനമായി മാറാതെ നമുക്ക് പാവനമായ ലോകത്തിലേക്ക് പോകാൻ സാധിക്കില്ല. പാവനമായി മാറാതെ ഭഗവാനെ ലഭിക്കില്ല എന്നല്ല.

ഭഗവാനോടാണ് പറയുന്നത് വന്ന് പാവനമാക്കി മാറ്റൂ. പതിതനാണ് പാവനമാകുന്നതിനുവേണ്ടി ഭഗവാനുമായി മിലനം ചെയ്യുന്നത്. പാവനമായി മാറിയാൽ ഭഗവാനെ ലഭിക്കുന്നില്ല. സത്യയുഗത്തിൽ ഈ ലക്ഷ്മീനാരായണന് ഭഗവാനെ ലഭിക്കുന്നില്ല. ഭഗവാൻ വന്ന് നിങ്ങൾ പതിതരെയാണ് പാവനമാക്കി മാറ്റുന്നത്. പിന്നീട് നിങ്ങൾ ഈ ശരീരത്തെ ഉപേക്ഷിക്കുന്നു. പാവനമായി മാറിയാൽ ഈ തമോപ്രധാനമായ പതിതമായ സൃഷ്ടിയിലിരിക്കാൻ സാധിക്കില്ല. ബാബ നിങ്ങളെ പാവനമാക്കി മാറ്റി അപ്രത്യക്ഷമാകുന്നു, ബാബയുടെ പാർട്ട് തന്നെ ഡ്രാമയിൽ അത്ഭുതമാണ്. എങ്ങനെയാണോ ആത്മാവിനെ കാണാൻ സാധിക്കാത്തത്. സാക്ഷാത്കാരം ലഭിച്ചാലും മനസ്സിലാക്കാൻ സാധിക്കില്ല. മനസ്സിലാക്കാൻ സാധിക്കും ഇത് ഈ വ്യക്തിയാണ്, ഇത് വേറെ വ്യക്തിയാണ്. ഓർമ്മിക്കുന്നു. ആഗ്രഹിക്കാറുണ്ട്, ഇവരെ ചൈതന്യത്തിൽ സാക്ഷാത്കാരം കിട്ടിയാൽ നല്ലതായിരുന്നു. എന്നാൽ പ്രയോജനമില്ല. ശരി, ചൈതന്യത്തിൽ കണ്ടിട്ട് പിന്നെന്താണ്? സാക്ഷാത്കാരം ലഭിച്ചു അപ്രത്യക്ഷമായി. അൽപകാലത്തെ ക്ഷണഭംഗുരമായ സുഖത്തിന്റെ ആശ പൂർത്തീകരിക്കപ്പെട്ടു. അതിനെയാണ് പറയുന്നത് അൽപകാലത്തെ ക്ഷണഭംഗുരമായ സുഖം. സാക്ഷാത്കാരത്തിന്റെ ആഗ്രഹമുണ്ടായിരുന്നു അത് ലഭിച്ചു. എന്നാൽ ഇവിടുത്തെ പ്രധാനപ്പെട്ട കാര്യമാണ് പതിതത്തിൽനിന്നും പാവനമായി മാറുക എന്നത്. പാവനമായി മാറുകയാണെങ്കിൽ ദേവതയായി മാറും. അതായത് സ്വർഗ്ഗത്തിലേക്ക് പോകും.

ശാസ്ത്രങ്ങളിൽ കൽപത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമാണ് കാണിക്കുന്നത്. കലിയുഗത്തിൽ ഇനിയും 40,000 വർഷം ബാക്കിയുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് മുഴുവൻ കൽപവും 5000 വർഷത്തിന്റേതാണ്. മനുഷ്യൻ ഇരുട്ടിലല്ലേ. ഇതിനെയാണ് പറയുന്നത് കൂരിരുട്ട്. ജ്ഞാനം ആരിലുമില്ല. എല്ലാവരും ഭക്തരാണ്. രാവണൻ എപ്പോഴാണോ വരുന്നത് അപ്പോൾ ഭക്തിയും ഒപ്പമുണ്ട്. എപ്പോൾ ബാബ വരുന്നുവോ അപ്പോൾ ജ്ഞാനവും കൂടെയുണ്ട്. ബാബയിൽ നിന്നും ഒരു പ്രാവശ്യം ജ്ഞാനത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ഇടക്കിടെ ലഭിക്കുന്നില്ല. സത്യയുഗത്തിൽ നിങ്ങളാർക്കും ജ്ഞാനം കൊടുക്കുന്നില്ല, കാരണം ആവശ്യമില്ല. ആരാണോ അജ്ഞാനത്തിലുള്ളത് അവർക്കാണ് ജ്ഞാനം ലഭിക്കുന്നത്. ബാബയെ ആരും അറിയുന്നില്ല. ഭക്തിയിൽ ബാബയെ നിന്ദിക്കുകയല്ലാതെ വേറൊന്നും പറയുന്നതേയില്ല. ഇതും നിങ്ങൾ ഇപ്പോൾ മനസ്സിലാക്കി. നിങ്ങൾ പറയുന്നു ഈശ്വരൻ സർവ്വവ്യാപിയല്ല, ബാബ നമ്മളാത്മാക്കൾക്ക് പിതാവാണ്. അവർ പറയുന്നു അങ്ങനെയല്ല പരമാത്മാവ് തൂണിലും തുരുമ്പിലുമുണ്ട്. നിങ്ങൾ കുട്ടികൾ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം – ഭക്തി പൂർണ്ണമായും വേറെയാണ്, അതിൽ അൽപം പോലും ജ്ഞാനമില്ല. സമയം തന്നെ പൂർണ്ണമായും പരിവർത്തപ്പെടുന്നു. ഭഗവാന്റെ പേരും മാറുന്നു മനുഷ്യന്റെ പേരും മാറുന്നു. ആദ്യം പറയുന്നത് ദേവത പിന്നീട് ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ദേവതകൾ ദൈവീകഗുണങ്ങളുള്ള മനുഷ്യരാണ്. ഇതാണ് ആസുരീയഗുണങ്ങളുള്ള മനുഷ്യൻ. തീർത്തും മോശമായിരിക്കുന്നു. ഗുരുനാനാക്കും പറഞ്ഞിരിക്കുന്നു മഹാ നുണയൻമാർ... മനുഷ്യർ ആരെങ്കിലും ഇങ്ങനെ പറയുകയാണെങ്കിൽ പറയും നിങ്ങൾ എന്തിനാണ് ഇങ്ങനെ മോശം പറയുന്നത്. എന്നാൽ ബാബ പറയുന്നു ഇതെല്ലാം ആസുരീയസമ്പ്രദായമാണ്. നിങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കിത്തരികയാണ്. കലിയുഗം രാവണസമ്പ്രദായത്തിലും, സത്യയുഗം രാമന്റെ സമ്പ്രദായത്തിലുമാണ്. ഗാന്ധിജി പോലും പറഞ്ഞിട്ടുണ്ടായിരുന്നു നമുക്ക് രാമരാജ്യം വേണം. രാമരാജ്യത്തിൽ എല്ലാവരും നിർവ്വികാരികളും, രാവണരാജ്യത്തിൽ എല്ലാവരും വികാരികളുമാണ്. ഈ ലോകത്തിന്റെ പേരുതന്നെ വേശ്യാലയമെന്നാണ്. നരകമല്ലേ. ഈ സമയം മനുഷ്യർ വിഷയ സാഗരത്തിലാണ്. മനുഷ്യനും, മൃഗങ്ങളും എല്ലാവരും ഒരുപോലെയാണ്. മനുഷ്യർക്ക് ഒരു മഹിമയുമില്ല. അഞ്ച് വികാരങ്ങളുടെ മേൽ നിങ്ങൾ കുട്ടികൾ വിജയം നേടി മനുഷ്യനിൽ നിന്നും ദേവതാപദവി നേടണം, ബാക്കിയെല്ലാം അവസാനിക്കുന്നതാണ്. ദേവതകൾ സത്യയുഗത്തിൽ വസിച്ചിരുന്നു. ഇപ്പോൾ ഈ കലിയുഗത്തിൽ അസുരന്മാരാണ് വസിക്കുന്നത്. അസുരന്മാരുടെ അടയാളമെന്താണ്? 5 വികാരം. ദേവതകളെ പറയുന്നത് സമ്പൂർണ്ണനിർവ്വികാരിയെന്നും അസുരന്മാരെ പറയുന്നത് സമ്പൂർണ്ണ വികാരിയെന്നുമാണ്. സത്യയുഗത്തിൽ 16 കലാ സമ്പൂർണ്ണരാണ്. ഇവിടെ ഒരു കലയുമില്ല. എല്ലാവരുടെ കലയും നഷ്ടപ്പെട്ടു. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ബാബ വരുന്നതും പഴയ ആസുരീയ ലോകത്തെ പരിവർത്തനം ചെയ്യാനാണ്. രാവണരാജ്യമാകുന്ന വേശ്യാലയത്തെ ശിവാലയമാക്കി മാറ്റാനാണ്. ഇപ്പോൾ ഇവിടേയും ഇങ്ങനെയുള്ള പേരുകൾ വെക്കുന്നുണ്ട് ത്രിമൂർത്തി ഭവനം, ത്രിമൂർത്തി പാത... മുമ്പ് ഇങ്ങനെയുള്ള നാമങ്ങളുണ്ടായിരുന്നില്ല. ഇപ്പോൾ എന്താണ് സംഭവിക്കേണ്ടത്? ഈ മുഴുവൻ ലോകവും ആരുടേതാണ്? പരമാത്മാവിന്റേതല്ലേ. പരമാത്മാവിന്റെ ഈ ലോകം പകുതി കൽപം പവിത്രവും, പകുതി കൽപം അപവിത്രവുമായിരുന്നു. രചയിതാവെന്ന് ബാബയെയല്ലേ പറയുന്നത്. അപ്പോൾ ബാബയുടേതാണ് ഈ ലോകം. ബാബ മനസ്സിലാക്കിത്തരികയാണ് ഞാനാണ് അധികാരി. ഞാൻ ബീജരൂപനും, ചൈതന്യവും, ജ്ഞാനത്തിന്റെ സാഗരവുമാണ്. എന്നിലെ മുഴുവൻ ജ്ഞാനവും വേറെ ആരിലുമില്ല. നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഈ സൃഷ്ടിചക്രത്തിന്റെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ

ജ്ഞാനം ബാബയിലാണുള്ളത്. ബാക്കി എല്ലാം അബദ്ധമാണ്. മുഖ്യമായ അബദ്ധം വളരെ മോശമാണ്, ഇതാണ് ബാബ പരാതിയായി പറയുന്നത്. നിങ്ങൾ എന്നെ തൂണിലും, തുരുമ്പിലും, പൂച്ചയിലും ഉണ്ടെന്ന് മനസ്സിലാക്കിയിരിക്കുകയായിരുന്നു. നിങ്ങൾക്ക് എന്ത് ദുർദ്ദശയാണ് സംഭവിച്ചിരുന്നത്.

പുതിയ ലോകത്തിലെ മനുഷ്യരും പഴയ ലോകത്തിലെ മനുഷ്യരും രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. പകുതി കൽപം മുതൽ അപവിത്രരായ മനുഷ്യർ പവിത്രരായ ദേവതകളുടെ മുന്നിൽ തല കുനിക്കുകയായിരുന്നു. ഇതും കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് ആദ്യമാദ്യം പൂജ ചെയ്യുന്നത് ശിവബാബയെയാണ്. ആ ശിവബാബയാണ് നിങ്ങളെ പൂജാരിയിൽ നിന്നും പൂജ്യരാക്കി മാറ്റുന്നത്. രാവണൻ നിങ്ങളെ പൂജ്യരിൽ നിന്നും പൂജാരിയാക്കി മാറ്റുന്നു. പിന്നീട് ബാബ ഡ്രാമയുടെ നിയമമനുസരിച്ച് നിങ്ങളെ പൂജ്യരാക്കി മാറ്റുകയാണ്. രാവണൻ തുടങ്ങിയ പേരുകളെല്ലാം നിലനിൽക്കുന്നുണ്ടല്ലോ. ദസറയെല്ലാം ആഘോഷിക്കുമ്പോൾ ധാരാളം മനുഷ്യരെ പുറത്തു നിന്നും വിളിക്കുന്നു. പക്ഷേ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. ദേവതകളെ എത്ര നിന്ദിക്കുന്നു. അങ്ങനെയുള്ള സംഭവങ്ങളൊന്നും നടന്നിട്ടേയില്ല. ഏതുപോലെയാണോ ഈശ്വരൻ നാമരൂപത്തിൽനിന്ന് വേറെയാണ് എന്നു പറയുന്നത്. അതായത് ഇല്ല എന്നർത്ഥം. അതേപോലെ എന്തെല്ലാം കളികൾ നടക്കുന്നുണ്ടോ അതൊന്നും ഇല്ല. ഇതെല്ലാം മനുഷ്യന്റെ ബുദ്ധിയാണ്. മനുഷ്യന്റെ മതത്തെ ആസുരീയമതമെന്ന് പറയുന്നു. ഏത് പോലെ രാജാവും റാണിയും അതുപോലെ പ്രജകളും. എല്ലാവരും അങ്ങനെയാണ് മാറുന്നത്. ഇതിനെയാണ് പറയുന്നത് ആസുരീയലോകം. എല്ലാവരും പരസ്പരം ആക്ഷേപിച്ചുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് - കുട്ടികളേ, എപ്പോൾ ഇരിക്കുന്നുവോ അപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. നിങ്ങൾ അജ്ഞാനത്തിലായിരുന്നപ്പോൾ പോലും പരമാത്മാവ് മുകളിലാണെന്ന് മനസ്സിലാക്കിയിരുന്നു. ഇപ്പോൾ ബാബ ഇവിടേക്ക് വന്നുകഴിഞ്ഞു എന്നറിയുന്നതിനാൽ മുകളിലാണെന്ന് മനസ്സിലാക്കുന്നില്ല. നിങ്ങൾ ബാബയെ ഈ ശരീരത്തിലേക്കാണ് വിളിച്ചത്. നിങ്ങളെപ്പോഴാണോ തന്റേതായ സെന്ററുകളിൽ ഇരിക്കുന്നത് അപ്പോൾ മനസ്സിലാക്കണം ശിവബാബ മധുബനിൽ ഈ ശരീരത്തിലാണ്. ഭക്തിമാർഗ്ഗത്തിലും പരമാത്മാവ് മുകളിലുണ്ടെന്ന് കരുതിയിരുന്നു. അല്ലയോ ഭഗവാനേ... ഇപ്പോൾ നിങ്ങൾ ബാബയെ എവിടെയാണ് ഓർമ്മിക്കുന്നത്? എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? നിങ്ങൾക്കറിയാം ബ്രഹ്മാവിന്റെ ശരീരത്തിൽ ഇവിടെ ഓർമ്മിക്കുന്നു. മുകളിലല്ല. ബാബ ഇവിടെ വന്നുകഴിഞ്ഞു - ഈ പുരുഷോത്തമ സംഗമയുഗത്തിൽ. ബാബ പറയുന്നു നിങ്ങളെ ഉയർന്നതാക്കി മാറ്റുന്നതിനുവേണ്ടി ഇവിടെ വന്നിരിക്കുകയാണ്. നിങ്ങളെന്നെ ഇവിടെ ഓർമ്മിക്കണം. ഭക്തർ മുകളിലാണ് ഓർമ്മിക്കുന്നത്. നിങ്ങൾ വിദേശത്താണെങ്കിൽ പോലും പറയും ബ്രഹ്മാവിന്റെ ശരീരത്തിലാണ് ശിവബാബ. തീർച്ചയായും ശരീരം വേണമല്ലോ. നിങ്ങൾ എവിടെയിരിക്കുമ്പോഴും ഇവിടെ ശിവബാബയെ ഓർമ്മിക്കണം. ബ്രഹ്മാവിന്റെ ശരീരത്തിൽത്തന്നെ ഓർമ്മിക്കേണ്ടതായിട്ടുണ്ട്. ചില ബുദ്ധിഹീനരായവർ ബ്രഹ്മാവിനെ അംഗീകരിക്കുന്നില്ല. ബ്രഹ്മാവിനെ ഓർമ്മിക്കരുത് എന്ന് ശിവബാബ പറഞ്ഞിട്ടില്ല. ബ്രഹ്മാബാബ കൂടാതെ എങ്ങനെ ബാബയെ ഓർമ്മിക്കാൻ കഴിയും. ബാബ പറയുന്നു ഞാൻ ഈ ശരീരത്തിലാണ് ഇരിക്കുന്നത്. നിങ്ങൾ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ എന്നെ ഓർമ്മിക്കണം. അതുകൊണ്ടാണ് നിങ്ങൾ ബാബയേയും, ദാദയേയും രണ്ടുപേരേയും ഓർമ്മിക്കുന്നത്. ബുദ്ധിയിൽ ഈ ജ്ഞാനമുണ്ട് - ഇദ്ദേഹത്തിന് തന്റേതായ ആത്മാവുണ്ട്. ശിവബാബക്ക് തന്റേതായ ശരീരമില്ല. ബാബ പറയുകയാണ് ഞാൻ ഈ പ്രകൃതിയെ ആധാരമായി എടുക്കുന്നു. ബാബ മുഴുവൻ ബ്രഹ്മാണ്ഢത്തിന്റേയും സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരികയാണ്. ആരും ബ്രഹ്മാണ്ഢത്തെക്കുറിച്ച് അറിയുന്നില്ല. ബ്രഹ്മത്തിലാണ് ഞാനും നിങ്ങളും വസിക്കുന്നത്, പരമമായ ബാബയും, പരമമായ ആത്മാക്കളും ശാന്തിധാമമാകുന്ന ബ്രഹ്മലോകത്തിലുള്ളവരാണ്. ശാന്തിധാമമെന്ന പേര് വളരെ മധുരമാണ്. ഈ കാര്യങ്ങളെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. നമ്മൾ വാസ്തവത്തിൽ ബ്രഹ്മതത്വത്തിൽ വസിച്ചിരുന്നവരാണ്. ഈ ലോകത്തെയാണ് നിർവ്വാണധാമമെന്നും വാനപ്രസ്ഥമെന്നൊക്കെ പറയുന്നത്. ഈ കാര്യമിപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്. എപ്പോഴാണോ ഭക്തി നടക്കുന്നത് അപ്പോൾ ജ്ഞാനമെന്ന അക്ഷരം തന്നെയില്ല. ഇത് പുരുഷോത്തമ സംഗമയുഗമാണ്. അപ്പോഴാണ് പരിവർത്തനമുണ്ടാകുന്നത്. പഴയ ലോകത്തിൽ അസുരന്മാർ വസിക്കുന്നു, പുതിയ ലോകത്തിൽ ദേവതകൾ വസിക്കുന്നു. അസുരന്മാരെ ദേവതകളാക്കി പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ബാബക്ക് വരേണ്ടിവരുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് ഒന്നും അറിയില്ല. കലിയുഗത്തിലായിരിക്കുമ്പോഴും ഒന്നും അറിയില്ല. പുതിയ ലോകത്തിലിരിക്കുമ്പോൾ ഈ പഴയ ലോകത്തെക്കുറിച്ച് അറിയില്ല. പഴയ ലോകത്തിലിരിക്കുമ്പോൾ പുതിയതിനെയും അറിയില്ല. അവർ ലക്ഷം വർഷങ്ങളാണെന്ന് പറയും. നിങ്ങൾ കുട്ടികൾക്കറിയാം ബാബ ഈ സംഗമയുഗത്തിൽ കല്പ-കല്പം വരുന്നു. വന്ന് ഈ വ്യത്യസ്തമായ വൃക്ഷത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരികയാണ്. ഈ ചക്രം എങ്ങനെ കറങ്ങുന്നു എന്നതും നിങ്ങൾ

കുട്ടികൾക്കാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങളുടെ ജോലിയാണ് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നത്. ഓരോരുത്തർക്കും മനസ്സിലാക്കിക്കൊടുക്കാൻ വളരെ സമയമെടുക്കും. അതുകൊണ്ട് നിങ്ങൾ എല്ലാവർക്കും ഒരുമിച്ച് മനസ്സിലാക്കിക്കൊടുക്കുന്നു. ധാരാളം പേർ മനസ്സിലാക്കുന്നുണ്ട്. ഈ മധുര മധുരമായ കാര്യങ്ങൾ വളരെയധികം പേർക്ക് മനസ്സിലാക്കിക്കൊടുക്കണം. നിങ്ങൾ ചിത്രപ്രദർശിനിയിലെല്ലാം മനസ്സിലാക്കിക്കൊടുക്കുന്നില്ലേ. ഇനി ശിവജയന്തിയിലും നല്ലരീതിയിൽ എല്ലാവരേയും വിളിച്ച് മനസ്സിലാക്കിക്കൊടുക്കണം. ഈ കളിയുടെ കാലാവധി എത്രയാണ്. നിങ്ങൾക്ക് കൃത്യമായി പറഞ്ഞുകൊടുക്കാം. ഇതും വിഷയമാണല്ലോ. നിങ്ങൾക്ക് ബാബ മനസ്സിലാക്കിത്തരികയല്ലേ- ഇതിലൂടെയാണ് നിങ്ങൾ ദേവതയായി മാറുന്നത്. എങ്ങനെയാണോ നിങ്ങൾ മനസ്സിലാക്കി ദേവതയായി മാറുന്നത് അതേപോലെ മറ്റുള്ളവരേയും മാറ്റണം. ബാബ നമുക്ക് ഇത് മനസ്സിലാക്കിത്തരികയാണ്. നമ്മൾ ആരേയും നിന്ദിക്കുന്നില്ല. നമ്മൾ പറഞ്ഞുകൊടുക്കുന്നത് - ജ്ഞാനം സദ്ഗതിമാർഗ്ഗമാണ് എന്നാണ്, ഒരു സദ്ഗുരുവാണ് അക്കരെയെത്തിക്കുന്നത്. ഇങ്ങനെയുള്ള മുഖ്യമുഖ്യ പോയിന്റുകൾ എടുത്ത് മനസ്സിലാക്കിക്കൊടുക്കൂ. ഈ മുഴുവൻ ജ്ഞാനവും ബാബക്കല്ലാതെ ആർക്കും നൽകാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പൂജാരിയിൽ നിന്നും പൂജ്യരായി മാറുന്നതിനുവേണ്ടി സമ്പൂർണ്ണ നിർവികാരിയായി മാറണം. ജ്ഞാനവാനായി മാറി തന്നെ പരിവർത്തനം ചെയ്യണം. അൽപകാലത്തെ സുഖത്തിന്റെ പുറകെ പോകരുത്.

2) ബാബയേയും, ദാദയേയും ഓർമ്മിക്കണം. ബ്രഹ്മാബാബയില്ലാതെ ശിവബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. ഭക്തിയിൽ മുകളിൽ ഓർമ്മിച്ചു, ഇപ്പോൾ ബ്രഹ്മാവിന്റെ ശരീരത്തിലേക്ക് വന്നിരിക്കുകയാണ് അതുകൊണ്ട് രണ്ടുപേരും ഓർമ്മവരണം.

## വരദാനം-ഓരോ കർമ്മത്തിലും വിജയിയാകും എന്ന ഉറച്ച നിശ്ചയവും,ലഹരിയും ഉള്ള അധികാരി ആത്മാവായി ഭവിക്കട്ടെ.

വിജയം നമ്മുടെ ജൻമസിദ്ധാധികാരമാണ്-ഈ സ്മൃതിയിൽ സദാ പറന്നുയരൂ.എന്തുതന്നെ വന്നാലും ഞാൻ സദാ വിജയിയാണ് എന്ന കാര്യം ഓർമ്മ വെക്കണം.എന്തുതന്നെ സംഭവിച്ചാലും ഈ നിശ്ചയം ഉറച്ചതായിരിക്കണം.ലഹരിയുടെ ആധാരം നിശ്ചയമാണ്.നിശ്ചയം കുറവാകുമ്പോൾ ലഹരിയും കുറയുന്നു. ഇതിനാലാണ് നിശ്ചയബുദ്ധി വിജയി എന്ന് പറയുന്നത്.ചിലപ്പോൾ മാത്രം നിശ്ചയമുള്ളവരായി മാറരുത്. അവിനാശിയായ അച്ഛന്റെ അവിനാശി പ്രാപ്തികളുടെ അധികാരിയായി മാറൂ.ഓരോ കർമ്മത്തിലും വിജയത്തിന്റെ നിശ്ചയവും ലഹരിയും ഉണ്ടാകട്ടെ.

## സ്ലോഗൻ:- ബാബയുടെ കുടക്കീഴിൽ ഇരിക്കുകയാണെങ്കിൽ ഒരു വിഘ്നവും നിലനിൽക്കുകയില്ല.